(ബി & സി) ഷോർട്ട് ടേം ഓപ്പൺ അക്സസ് അനുവദിക്കുന്നത് NLDC-യും അതിന്റെ അനുബന്ധ സ്ഥാപനമായ SRLDC-യുമാണ്. ടി ഏജൻസികൾ, കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ Short Term Open Access അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരമല്ല ഓപ്പൺ അക്സസ് നിലവിൽ അനുവദിക്കുന്നതെന്നും കേന്ദ്ര കമ്മീഷന്റെ ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ടി ഏജൻസികൾക്ക് നൽകണമെന്നും വൈദ്യുതി ബോർഡ് കേന്ദ്ര കമ്മീഷനോട് അപേക്ഷിച്ചിട്ടുണ്ട്.

(ഡി&ഇ) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകൾ പ്രധാനമായും പവർഗ്രിഡ് കോർപ്പറേഷനോ, അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് case 1 bid വഴി തെരഞ്ഞെടുത്ത സ്വകാര്യ ലൈസൻസികളോ ആണ് നിർമ്മിക്കുന്നത്. കൂടാതെ മറ്റ് മേഖലകളിൽനിന്ന് ദക്ഷിണേന്ത്യയിലേക്ക് കൂടുതൽ ലൈൻ നിർമ്മിക്കണമെന്നുള്ള ആവശ്യം കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, പവർഗ്രിഡ് കോർപ്പറേഷൻ തുടങ്ങിയ വിവിധ ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. CEA, SRPC തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ ട്രാൻസ്മിഷൻ പ്ലാനിംഗ് സംബന്ധമായ വിഷയങ്ങളിൽ നടത്തുന്ന മീറ്റിംഗുകളിൽ ബോർഡ് ടി വിഷയങ്ങൾ ഉന്നയിക്കാറുമുണ്ട്.

വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിന് വിദേശ സാങ്കേതിക സഹായം

18 (7854) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാർ വിദേശ രാജ്യങ്ങളുടെയോ ഏജൻസികളുടെയോ സാങ്കേതികസഹായം ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത്തരം സാങ്കേതിക സഹായം ഉപയോഗിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം ബോർഡിനുണ്ടായ നേട്ടങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളുടെയോ ഏജൻസികളുടെയോ സാങ്കേതിക സഹായം നേരിട്ട് ലഭ്യമാക്കിയിട്ടില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി.-യുടെ പാർട്ട്-എ ടെണ്ടർ വിളിച്ച് അവാർഡ് ചെയ്തത് കെപ്കോ കെ.ഡി.എൻ (KEPCO KDN) എന്ന കൊറിയൻ കമ്പനിക്കാണ്. അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT & C loss) 15%-ൽ താഴെ കുറയ്ക്കുവാൻ വേണ്ടിയാണ് ഈ സഹായം ലഭ്യമാക്കിയത്. വിശദാംശങ്ങൾ (എ)യുടെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ഭാഗമായുള്ള കമ്പ്യൂട്ടർവത്കരണം മുഖേന താഴെപ്പറയുന്ന മേഖലകളിലെ കാര്യക്ഷമത മെച്ചപ്പെടും

- ഉപഭോക്താക്കളുടെ മീറ്ററിംഗ്, ബില്ലിംഗ്, കളക്ഷൻ
- ബോർഡിനു വേണ്ടിയുള്ള സാധനസാമഗ്രികളുടെ വാങ്ങലും സൂക്ഷിക്കലും കൈകാര്യം ചെയ്യലും
- മാനവ വിഭവശേഷി നിർവ്വഹണം
- എനർജി ഓഡിറ്റിംഗ്
- കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം
- കേന്ദ്രീകൃത അക്കൗണ്ടിംഗ് സംവിധാനം.

പുതിയ ഗാർഹിക കണക്ഷൻ അടയ്ക്കേണ്ട തുക

19 (7855) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വീടുകൾ പൊളിച്ചുമാറ്റി അതേ പ്ലോട്ടിൽ അതേ ഉടമ തന്നെ പുതിയ വീട് പണിയുമ്പോൾ കറന്റ് കണക്ഷൻ ലഭിക്കുവാൻ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര തുകയാണ് കണക്ഷൻ മാറ്റി ലഭിക്കുന്നതിന് ഉപഭോക്താവ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) പവർ പോയിന്റുകളുടെ എണ്ണം മാറ്റാതെ പുതിയ വീടിന് വയറിംഗ് നടത്തിയാൽ തുക അയ്യായിരത്തിൽ നിന്ന് ഉപഭോക്താവിനെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2014 ഏപ്രിൽ 1-ന് നിലവിൽവന്ന ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ന്റെ വ്യവസ്ഥ 43 പ്രകാരം നിലവിലുള്ള കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റി പുതിയവ പണിയുമ്പോൾ, നിലവിലുള്ള ഇലക്ട്രിക് കണക്ഷൻ അഴിച്ചുമാറ്റേണ്ടതും പ്രസ്തുത കണക്ഷനുവേണ്ടി ഉപഭോക്താവ് വൈദ്യുതി ബോർഡുമായി ഏർപ്പെട്ടിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly